# نصيحة الجمعة

تحت إشراف جمعية العلماء لجنوب كيرلا، كلّم ، الهند
(Dakshina Kerala Jam-iyyathul Ulama, Kollam, Kerala)
للأستاذ المولوي سي. اي .موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨
الإتصال: شمير الباقوي، ٩٤٩٥١٩٠٨٩٥

**തീയതി:** 22/12/2017 **വിഷയം:** "സുന്നത്ത് വ്യക്തി ജീവിതത്തിൽ"

وَمَا آتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانتَهُوا ۚ وَاتَّقُوا اللَّهَ ۖ إِنَّ اللَّهَ شَدِيدُ الْعِقَابِ ﴿الحشر:٧﴾

- ഇസ്‌ലാം സമ്പൂർണ്ണ ജീവിത വ്യവസ്ഥിതിയാണ്. ജീവിതത്തിന്റെ എല്ലാ മേഖലകളെയും ചൂഴ്ന്നുനിൽക്കുന്നതാണ് അതിന്റെ വിധിവിലക്കുകൾ. ആരാധന മാത്രമല്ല ഇസ്‌ലാം. സാമ്പത്തീകം, വിദ്യാഭ്യാസം, തൊഴിൽ, രാഷ്ട്രം, രാഷ്ട്രീയം, സാംസ്കാരികം എല്ലാത്തിലും ഖുർ ആനും സുന്നത്തും നയ നിലപാടുകൾ മുന്നോട്ടുവെക്കുന്നു.
- ജീവിതത്തിൽ പകർത്താനല്ലെങ്കിൽ ഖുർആനും ഹദീസും ഇവ എന്തിന് പറയണം.

وَمَا آتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانتَهُوا ۚ وَاتَّقُوا اللَّهَ ۖ إِنَّ اللَّهَ شَدِيدُ الْعِقَابِ ﴿الحشر:٧﴾

കൃഷി നനക്കുന്ന വിഷയത്തിലെ തർക്കത്തിന് നബി(സ്വ) പറഞ്ഞ തീരുമാനത്തിൽ വിഷമം പറഞ്ഞപ്പോഴാണ് നിസാഅ്: 65 അവതരിച്ചത്.

فَلَا وَرَبِّكَ لَا يُؤْمِنُونَ حَتَّىٰ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لَا يَجِدُوا فِي أَنفُسِهِمْ حَرَجًا مِّمَّا قَضَيْتَ وَيُسَلِّمُوا تَسْلِيمًا

يُقْسِمُ تَعَالَى بِنَفْسِهِ الْكَرِيمَةِ الْمُقَدَّسَةِ : أَنَّهُ لَا يُؤْمِنُ أَحَدٌ حَتَّى يُحَكِّمَ الرَّسُولَ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فِي جَمِيعِ الْأُمُورِ(ابن كثير)

➢ വ്യക്തിജീവിതത്തിലെ ചില ചിട്ടകളെ കൂടി മതത്തിന്റെ ഭാഗമാക്കി എന്നത് ദീനിന്റെ പ്രത്യേകതയാണ്.

ഉദാ: താടിയും മുടിയും എണ്ണ തേക്കാനും ചീകിയൊതുക്കാനും നബി(സ്വ) കൽപ്പിച്ചു.

عَنْ أَبِي هُرَيْرَةَ أَنَّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ : مَنْ كَانَ لَهُ شَعْرٌ فَلْيُكْرِمْهُ (أَبُو دَاوُد) عَنْ أَبِي سَعِيدٍ الْخُدْرِيِّ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ كَانَ يُكْثِرُ تَسْرِيحَ لِحْيَتِهِ(شمائل الترمذي)

നബി(സ്വ) എപ്പോഴും കൂടെ കരുതിയിരുന്ന വസ്തുക്കളിൽ ഒന്ന് ചീർപ്പായിരുന്നു. ആ കാലത്ത് നബി(സ്വ) പരിഷ്കൃതമായി ചിന്തിച്ചു എന്നർത്ഥം.

عَنْ عَائِشَةَ قَالَتْ:خَمْسٌ لَمْ يَكُنِ النَّبِيُّ (ص) يَدَعُهُنَّ فِي سَفَرٍ وَلَا حَضَرٍ: الْمِرْآةُ وَالْمُكْحُلَةُ وَالْمُشْطُ وَالْمِدْرَى وَالسِّوَاكُ (طبراني)

➢ ജനങ്ങളുടെ അടുക്കൽ പോകേണ്ടിവരുമ്പോൾ ഭംഗിയായിരിക്കാൻ നിർദ്ദേശിച്ചു.

عَنْ عَائِشَةَ رَضِيَ اللَّهُ عَنْهَا قَالَتْ: كَانَ نَفَرٌ مِنْ أَصْحَابِ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَنْتَظِرُونَهُ عَلَى الْبَابِ،فَخَرَجَ يُرِيدُهُمْ،وَفِي الدَّارِ رَكْوَةٌ فِيهَا مَاءٌ،فَجَعَلَ يَنْظُرُ فِي الْمَاءِ وَيَسْرِي شَعْرَهُ وَلِحْيَتَهُ، فَقُلْتُ:يَا رَسُولَ اللَّهِ،وَأَنْتَ تَفْعَلُ هَذَا؟! قَالَ:" نَعَمْ،إِذَا خَرَجَ الرَّجُلُ إِلَى إِخْوَانِهِ فَلْيُهَيِّئْ مِنْ نَفْسِهِ،فَإِنَّ اللَّهَ جَمِيلٌ يُحِبُّ الْجَمَالَ (السمعاني، وابن عدي، ,ابن الجوزي)

ഇതിന് വിപരീതമായി അശ്രദ്ധമായ, വൃത്തിഹീനമായ രീതികളെ വിമർശിക്കുകയുണ്ടായി.

عَنْ عَطَاءٍ قَالَ:كَانَ رَسُولُ اللَّهِ (ص) فِي الْمَسْجِدِ فَدَخَلَ رَجُلٌ ثَائِرَ الرَّأْسِ،وَاللِّحْيَةِ فَأَشَارَ إِلَيْهِ رَسُولُ اللَّهِ أَنِ اخْرُجْ كَأَنَّهُ يَعْنِي

إِصْلَاحَ شَعْرِ رَأْسِهِ،وَلِحْيَتِهِ فَفَعَلَ الرَّجُلُ،ثُمَّ رَجَعَ،قَالَ رَسُولُ(ص): أَلَيْسَ هَذَا خَيْرًا مِنْ أَنْ يَأْتِيَ أَحَدُكُمْ ثَائِرَ الرَّأْسِ كَأَنَّهُ شَيْطَانٌ (الموطا)

➢ അവരവരുടെ കുടുംബത്തിൽ പോലും ഈ നിലവാരം കാത്തു സൂക്ഷിക്കണമെന്നാണ് ഇസ്‌ലാമിക അധ്യാപനം.

عَنِ ابْنِ عَبَّاسٍ قَالَ: " إِنِّي لأُحِبُّ أَنْ أَتَزَيَّنَ لِلْمَرْأَةِ كَمَا أُحِبُّ أَنْ تَزَّيَّنَ لِي،لأَنَّ اللَّهَ عَزَّ وَجَلَّ يَقُولُ:وَلَهُنَّ مِثْلُ الَّذِي عَلَيْهِنَّ بِالْمَعْرُوفِ وَمَا أُحِبُّ أَنْ تَسْتَطِفَّ جَمِيعَ حَقٍّ لِي عَلَيْهَا ، لأَنَّ اللَّهَ عَزَّ وَجَلَّ ، يَقُولُ : وَلِلرِّجَالِ عَلَيْهِنَّ دَرَجَةٌ (البيهقي)

ഇവ്വിധം ഉള്ളിലും പുറത്തും അരോചകവേഷവിധാന, രീതികൾ ഒഴിവാക്കി ആകർഷകമായ നിലവാരം പുലർത്താൻ നാം കൽപ്പിക്കപ്പെട്ടിരിക്കുന്നു.

➢ ഒരുപടി കൂടി കടന്ന് പറഞ്ഞാൽ താടി മീശയുടെ അളവുകൾ പോലും മതനിയമമാക്കിയ നബിയുടെ അനുയായികളാണ് നാം.

ഇവ്വിഷയമായി തിരുനബി(സ)യുടെ അനേകം ഹദീസുകൾ വന്നിട്ടുണ്ട്. ഒറ്റ ഹദീസ് മാത്രം ഉദ്ധരിക്കപ്പെട്ടാൽ പോലും അത് നമുക്ക് ബാധകമാണ്. എന്നിരിക്കെ അനേകം ഹദീസുകളിലൂടെ ഇത് പഠിപ്പിക്കപ്പെട്ടിരിക്കുന്നു.

عَنْ ابْنِ عُمَرَ عَنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ خَالِفُوا الْمُشْرِكِينَ وَفِّرُوا اللِّحَى وَأَحْفُوا الشَّوَارِبَ (متفق عليه)

ഇവിടെ 2 നിർദ്ദേശം. 1) മീശ മുറിച്ച് നിർത്തണം. അഥവാ ചുണ്ടിന്റെ നിറം വെളിവാകണം.

وَقَصُّ شَارِبِهِ حَتَّى تَبْدُوَ حُمْرَةُ الشَّفَةِ وَهُوَ الْمُرَادُ بِالْإِحْفَاءِ(تحفة)

ചുണ്ടിലേക്ക് ഇറങ്ങി നിൽക്കരുതെന്നർത്ഥം. 2) താടി നീട്ടണം. താടിവെക്കണം എന്നല്ല, നീട്ടണം എന്നാണ് പറഞ്ഞത്.

എന്നാൽ അൽപ്പമെങ്കിലും വെക്കൽ കൊണ്ട് അസ്‌ലു സുന്നത്ത് ലഭിക്കും. വടിക്കുന്ന കുറ്റം ഒഴിവാകും.

തങ്ങൾ പ്രോത്സാഹിപ്പിച്ച ഇക്കാര്യം പൂർത്തിയാക്കാൻ ശ്രമിക്കണം. കുറഞ്ഞ അളവിലെങ്കിലും. അത് തങ്ങളുടെ സ്നേഹവും അതു വഴി സ്വർഗ്ഗവും കിട്ടാൻ കാരണമാകും.

عَنْ أَنَس، قَالَ لِي رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ .... وَمَنْ أَحْيَا سُنَّتِي فَقَدْ أَحَبَّنِي ، وَمَنْ أَحَبَّنِي كَانَ مَعِي فِي الْجَنَّةِ (ترمذي)

താടി വളർത്തൽ അറബികളുടെ വേഷം മാത്രമല്ല. അത് അല്ലാഹുവിന്റെ കൽപ്പനയാണ്.

قَالَ (ص): أَمَرَنِي رَبِّي بِإِحْفِيَ لِحْيَتِي وَقَصَّ شَارِبِي (مسلم)

ഇത് നബി(സ്വ)സ്വഹാബത്തിനോട് കൽപ്പിച്ചതുമാണ്.

عَنْ ابْنِ عُمَرعَنِ النبي (ص) أَمَرَنَا بِإِعْفَاءِ اللِّحْيَةِ (مسلم)

അതുകൊണ്ട് തന്നെ സ്വാലീഹീങ്ങളെല്ലാം ഈ ചര്യ പൂർത്തിയാക്കിയവരായിരന്നു.

➤ നേരെ മറിച്ച് താടി വടിക്കൽ ഹറാമാണ്. ഹനഫീ, മാലികീ, ഹമ്പലീ മദ്ഹബുകളിൽ എല്ലാം. അതാണ് ഫത്ഹുൽമുഈനിൽ ഉള്ളതും.

يَحْرُمُ حَلْقُ اللِّحْيَةِ (فتح المعين)

ഈ കവിൾ ഖബ്റിലേക്ക് ചേർത്തു വെക്കേണ്ടതാണ്. അവിടെ ഹറാം ആയ നിലക്ക് അടക്കപ്പെടുന്നത് എത്ര മോശം?
മാത്രവുമല്ല താടി വടിക്കൽ നബി(സ്വ) അങ്ങേയറ്റം വെറുത്തിരുന്നു. ആ വെറുപ്പിനെ തൊട്ട് നാം ഭയപ്പെടണം. അത് ജീവിതത്തിന്റെ ബർക്കത്തുകളെ നഷ്ടപ്പെടുത്തിയേക്കും. സൂക്ഷിക്കണം.

﴿ إِنَّ شَانِئَكَ هُوَ الأَبْتَرُ ﴾ أَيْ : إِنَّ مُبْغِضَكَ يَا مُحَمَّدُ وَمُبْغِضَ مَا جِئْتَ بِهِ مِنَ الْهُدَى وَالْحَقِّ وَالْبُرْهَانِ السَّاطِعِ وَالنُّورِ الْمُبِينِ ، هُوَ الْأَبْتَرُ الْأَقَلُّ الْأَذَلُّ الْمُنْقَطِعُ ذِكْرُهُ (ابن كثير)

തന്മൂലം ഇത്തരം കാര്യങ്ങളെ ആക്ഷേപിക്കരുത്. പരിഹസിക്കരുത്. അത് അപകടമാണ്.